## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5153** **28.10.2016 ൽ മറുപടിക്ക്**

### കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് വിനിയോഗിച്ച് 2015 ഏപ്രിൽ ഒന്നിന് ശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും എന്ത് തുക വീതമാണ് ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | 2015 ഏപ്രിലിനുശേഷം കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും ആത്മഹത്യ തടയുവാൻ പൂവമ്പാറ പാലത്തിൽ നെറ്റ് സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം, കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രൊപ്പോസലുകളൊന്നും അതോറിറ്റിയ്ക്ക് ലഭിച്ചിട്ടില്ല.<br><br>തിരുവനന്തപുരം ആറ്റിങ്ങൽ പൂവമ്പാറ പാലത്തിൽ ആത്മഹത്യ തടയുന്നത് സംബന്ധിച്ചുള്ള നടപടികൾ കൈകൊള്ളുന്നതിന് തിരുവനന്തപുരം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ ചെയർമാനായിട്ടുള്ള ജില്ലാ കളക്ടറോട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അതോറിറ്റിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| ക്രമ നമ്പർ | പദ്ധതി | വകുപ്പുകൾ/ സ്ഥാപനങ്ങൾ | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഡിജിറ്റൽ സിമുലറ്റേഴ്സ് തിരുവനന്തപുരം ജില്ല യിൽ സ്ഥാപിക്കുന്നതിന് | മോട്ടോർ വാഹന വകുപ്പ് | 20,00,000 | കേരളത്തിൽ തിരുവന ന്തപുരം, എറണാകു ളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളി ലായിട്ടാണ് ഡിജിറ്റൽ സിമുലറ്റേഴ്സ് സ്ഥാപി ച്ചത്. ഇതിനായി മോട്ടോർ വാഹന വകുപ്പിന് മൊത്തം 60,00,000/-രൂപ നൽകി യിരുന്നു. ഒരു ജില്ല യിൽ സിമുലറ്റേഴ്സ് സ്ഥാപിക്കുന്നതിന് 20,00,000/- രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയത്. |
| 2 | റിവേഴ്സ് കൗണ്ടർ | കെൽട്രോൺ | 29,25,555/- | തിരുവനന്തപുരം ജില്ല യിലെ 33 ജംഗ്ഷനുക ളിൽ റിവേഴ്സ് കൗണ്ടർ സ്ഥാപിക്കു ന്നതിന് 59,97,530/- രൂപ കെൽട്രോണിന് നൽകിയിരുന്നു. 33 ജംഗ്ഷനുകളിൽ റിവേഴ്സ് കൗണ്ടർ സ്ഥാപിക്കുന്നതിന് ആകെ 89,97,530/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ഇതിൽ 29,25,555/- രൂപ നൽകിയത് 2015-ലാണ്. |
| 3 | ബഡ്ജറ്റ് എസ്റ്റിമേറ്റ് | ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ, തിരുവനന്തപുരം | 24,40,522 | |
| 4 | തിരുവനന്തപുരം മെഡി ക്കൽ കോളേജ്-ട്രോമാ കെയർ സംവിധാനം | തിരുവനന്തപുരം മെഡിക്കൽ കോളേജ് | 4,10,68,949 | തിരുവനന്തപുരം മെഡിക്കൽ കോളേ ജിൽ ട്രോമാകെയർ സംവിധാനം നടപ്പിലാ ക്കുന്നതിന് |

സെക്ഷൻ ഓഫീസർ